**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 30** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടന</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. എ. ഡി. തോമസ് | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. ടി. ജെ. വിനോദ് | (മുഖ്യമന്ത്രി) |
| ശ്രീമതി രമ്യ ഹരിദാസ് | |
| ശ്രീ. സന്ദീപ് വാര്യർ | |

**(എ)** കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടന കൂടുതൽ ആകർഷകമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടന കൂടുതൽ ആകർഷകമാക്കുന്നതിനായി പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ സീരിസ് 12-ൽ നിന്നും 15 ആക്കി വർദ്ധിപ്പിച്ച്, സമ്മാനങ്ങളുടെ എണ്ണം കൂട്ടി സമ്മാനഘടന പരിഷ്കരിക്കുന്ന-തിനുള്ള നടപടികൾ ഭാഗ്യക്കുറി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. നിലവിലെ സമ്മാന ഘടന പ്രകാരം 1 കോടി 8 ലക്ഷം ടിക്കറ്റുകളാണ് അച്ചടിക്കുന്നത്. അച്ചടിക്കുന്ന മുഴുവൻ ടിക്കറ്റുകളും ഒട്ടുമിക്ക ദിവസങ്ങളിലും വില്പന നടത്തുന്നു. ടിക്കറ്റിന് ഡിമാൻഡ് ഉണ്ടെങ്കിലും നിലവിലെ സമ്മാനഘടന പ്രകാരം കൂടുതൽ ടിക്കറ്റുകൾ ഏജന്റുമാർക്ക് അനുവദിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ സീരിസ് 12-ൽ നിന്നും 15 ആക്കി വർദ്ധിപ്പിച്ച് അതിലൂടെ 27 ലക്ഷം ടിക്കറ്റുകൾ അധികം വില്പന നടത്താനാണ് ലക്ഷ്യമിടുന്നത്.

**(ബി)** ഇത്തവണത്തെ ഓണം ബമ്പർ ലോട്ടറിയുടെ ടിക്കറ്റ് പൂർണ്ണമായും വിറ്റ് തീർന്നിരുന്നോ; എത്ര ടിക്കറ്റുകളുടെ വില്പന നടത്തി; ഇത് സർവ്വകാല റെക്കോർഡ് ആണോ; ഈ ഇനത്തിൽ സർക്കാരിന് എത്ര രൂപയുടെ വരുമാനം ലഭിച്ചു എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** തിരുവോണം ബമ്പർ 2026 (BR-111) ഭാഗ്യക്കുറിയുടെ സമ്മാന ഘടന പ്രകാരം പരമാവധി അച്ചടിക്കാവുന്ന ടിക്കറ്റുകളായ 90 ലക്ഷം ടിക്കറ്റുകളും അച്ചടിക്കുകയും, അച്ചടിച്ച മുഴുവൻ ടിക്കറ്റുകളും വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. തിരുവോണം ബമ്പർ ടിക്കറ്റ് വിൽപ്പനയിൽ ഇത് സർവ്വകാല റെക്കോർഡാണ്. തിരുവോണം ബമ്പർ 2026 ഭാഗ്യക്കുറിയുടെ വിൽപ്പനയിലൂടെ സർക്കാരിന് 321.42 കോടി രൂപ റവന്യൂ കളക്ഷൻ ലഭിച്ചു.

**(സി)** ലോട്ടറി തൊഴിലാളികളുടെയും ഏജന്റുമാരുടെയും ക്ഷേമത്തിനായുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓണത്തിന് ബോണസ് അടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> ലോട്ടറി തൊഴിലാളികളുടെയും ഏജന്റുമാരുടെയും ക്ഷേമത്തിനായി കേരള സംസ്ഥാന ലോട്ടറി ഏജൻ്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി പദ്ധതി-2009 വിഭാവനം ചെയ്തിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>1. ഓണം ഉത്സവബത്ത</u>

ഓരോ വർഷവും ഓണം ഉത്സവ മാസം വരെ ഏറ്റവും കുറഞ്ഞത് ഒരു വർഷക്കാലത്തെയെങ്കിലും അംഗത്വ കാലാവധി പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും പ്രസ്തുത വർഷം ഏപ്രിൽ മുതൽ പെൻഷന് അർഹതയുള്ള എല്ലാ പെൻഷൻകാർക്കും എല്ലാ വർഷവും ഉത്സവബത്ത നല്കുന്നുണ്ട്.

<u>2. വിവാഹാനുകൂല്യം</u>

കുറഞ്ഞത് മൂന്നു വർഷ- മെങ്കിലും തുടർച്ചയായി അംശദായം അടച്ചുവരുന്ന വനിത അംഗങ്ങളുടെയും അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വിവാഹ ചെലവിനായി 25,000/- രൂപ നൽകി വരുന്നുണ്ട്.

<u>3. പ്രസവാനുകൂല്യം</u>

ഒരു വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 10,000/- രൂപ (പരമാവധി രണ്ട് തവണ) നൽകി വരുന്നുണ്ട്.

<u>4. ചികിത്സാ സഹായം</u>

ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത, ഒരു വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് മൂന്ന് ദിവസമോ അതിൽ കൂടുതലോ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ആദ്യത്തെ മൂന്ന് ദിവസം 750/- രൂപയും തുടർന്നുള്ള ഓരോ ദിവസവും 150/- രൂപയും (വാർഷിക പരിധി 5,000/- രൂപ) നൽകി വരുന്നുണ്ട്.

വൃക്കരോഗം, ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ ഗുരുതര രോഗബാധ കൊണ്ട് കഷ്ടപ്പെടുന്നവർക്ക് പരമാവധി 50,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകി വരുന്നുണ്ട്.

<u>5. പെൻഷൻ</u>

55 വയസ്സ് പൂർത്തിയായതും 10 വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ അംഗത്തിന് പ്രതിമാസം 2000/- രൂപ പെൻഷൻ നല്കി വരുന്നുണ്ട്.

<u>6. കുടുംബ പെൻഷൻ</u>

പെൻഷൻ ലഭിക്കുന്ന അംഗമോ ലഭിക്കാൻ അർഹതപ്പെട്ട അംഗമോ മരണപ്പെട്ടാൽ ടിയാന്റെ അർഹതപ്പെട്ടയാൾക്ക് പ്രതിമാസം 1000/- രൂപ കുടുംബപെൻഷനായി നൽകി വരുന്നുണ്ട്.

<u>7. അവശതാ പെൻഷൻ</u>

രോഗം മൂലമോ അപകടം മൂലമോ സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത സംഭവിച്ച, ഒരു വർഷത്തിൽ കൂടുതൽ കാലം യാതൊരു ജോലിയും ചെയ്യാൻ കഴിയാതെ വരുന്ന ഒരംഗത്തിന് പൂർണ്ണ അവശത തുടരുന്ന പക്ഷം അങ്ങിനെ ഒരു വർഷം കഴിയുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

<u>8. മരണാനന്തര സാമ്പത്തിക സഹായം</u>

അപകടം മൂലം ക്ഷേമനിധി അംഗത്തിന് മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും സ്വാഭാവിക മരണത്തിന് 50,000 രൂപയും അനന്തരാവകാശികൾക്ക് നൽകി വരുന്നുണ്ട്.

**<u>9.സ്കോളർഷിപ്പ് (വിദ്യാഭ്യാസാനുകൂല്യം)</u>**

ഓരോ വർഷവും എസ്.എസ്.എൽ.സി/ പത്താംതര പരീക്ഷ 80% മാർക്കോടെ വിജയിച്ച് ഹയർ സെക്കന്ററിതല പഠനത്തിനോ മറ്റു റഗുലർ കോഴ്സുകളിൽ ഉപരിപഠനത്തിനോ ചേരുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കും പ്രൊഫഷണൽ കോഴ്സുകൾ, ബിരുദ-ബിരുദാനന്തര കോഴ്സുകൾ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് ഉപരിപഠനത്തിന് ചേരുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കും പഠനകാലയളവിലെ ഓരോ വർഷത്തിലും ധനസഹായം നൽകി വരുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:-

| **കോഴ്സ്** | **സ്കോളർഷിപ്പ് തുക** |
|---|---|
| ഹയർസെക്കന്ററി | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 1500 രൂപ |
| പോളിടെക്നിക് ത്രിവത്സര എഞ്ചിനീയറിംഗ് ഡിപ്ളോമ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 1500 രൂപ |
| മെഡിക്കൽ ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 7000 രൂപ |
| എഞ്ചിനീയറിംഗ് ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനു 4000 രൂപ |
| പാരാ മെഡിക്കൽ /നഴ്സിംഗ് ബിരുദ/ ബിരുദാനന്തര ബിരുദം | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 4000 രൂപ |
| എം.ബി.എ/എം.സി.എ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 3000 രൂപ |
| മറ്റ്ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകൾ | കോഴ്സ് കാലയളവിലെ ഓരോ വർഷത്തിനും 2000 രൂപ |

ഇതുകൂടാതെ, ഭവനരഹിതരായ 160 ക്ഷേമനിധി അംഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നല്കുന്ന പദ്ധതി, അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്ന പദ്ധതി, യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതി എന്നിവയും കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

2026 വർഷത്തെ ഓണം ഉൽസവബത്ത ഓണദിവസത്തിന് ഏകദേശം ഒരാഴ്ച്ചമുൻപായി അർഹരായ മുഴുവൻ അംഗങ്ങൾക്കും വിതരണം ചെയ്യുന്നതിന് സാധിച്ചിരുന്നു.

മുൻ വർഷത്തെ അപേക്ഷിച്ച് സജീവ അംഗങ്ങൾക്കും, പെൻഷൻകാർക്കും 1000/- രൂപ വീതം വർദ്ധിപ്പിച്ച് യഥാക്രമം 8500/- രൂപയും 3750/-രൂപയും വീതം ഓണം ബോണസായി വിതരണം ചെയ്തിരുന്നു. 24899 സജീവ അംഗങ്ങൾക്കും, 9394 പെൻഷൻകാർക്കും കൂടെ ആകെ ₹24,65,69,750/- (ഇരുപത്തിനാല് കോടി അറുപത്തിയഞ്ച് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**